ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.12.2024**

## പ്രധാനവാർത്തകൾ

1). ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ചർച്ചകൾക്ക് വേദിയായി ലോക്സഭ. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ചർച്ചകൾക്ക് മറുപടി നൽകും.

2) ഭരണ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക ചെസ്സ് ചാമ്പ്യൻ ഡി ഗുകേഷിന് അഭിനന്ദനമർപ്പിച്ച് പാർലമെൻറ്.

3) സംസ്ഥാനത്തിൻറെ തെക്കൻ ജില്ലകളിൽ അതി ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

4) 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് ഉടൻ തിരി തെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.

5). പാലക്കാട് വാഹനാപകടത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷയ്ക്കായി പ്രത്യേക കർമ പദ്ധതി തയ്യാറാക്കാൻ മന്ത്രിതല യോഗത്തിൽ തീരുമാനം.

RNUTVPM

## 6) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ, പഞ്ചാബ് എഫ്.സി യെ നേരിടും

*************************************************************

**പാർലമെൻറ്**

ഇന്ത്യൻ ഭരണഘടനയുടെ 75-ാ൦ വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ചർച്ചകൾക്ക് വേദിയായി ലോക്സഭ. ജനജീവിതത്തിൻറെ സമസ്തമേഖലകളെയും സ്പർശിക്കുന്ന ഭരണഘടന, രാഷ്ട്ര നിർമാണത്തിന് മാർഗ്ഗമൊരുക്കുന്നതായി ചർച്ചയ്ക്ക് തുടക്കം കുറിച്ച് രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. ഭരണഘടന സുരക്ഷാ കവചമാണെന്നും, സർക്കാരുകളെ രൂപപ്പെടുത്താനും മാറ്റാനുമുള്ള അധികാരം ഇത് ജനങ്ങൾക്ക് നൽകുന്നുണ്ടെന്നും കോൺഗ്രസ് എംപി പ്രിയങ്ക ഗാന്ധി വ്യക്തമാക്കി. സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, തൃണമൂൽ എംപി കല്യാൺ ബാനർജി, കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ്ങ് തുടങ്ങി ഭരണപക്ഷത്തും പ്രതിപക്ഷത്തും നിന്നുള്ള നിരവധി അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ചർച്ചകൾക്ക് മറുപടി നൽകും. അതേസമയം, സഭാധ്യക്ഷൻ ജഗദീപ് ധൻകറിനെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവരാനുള്ള പ്രതിപക്ഷ നീക്കവുമായ ബന്ധപ്പെട്ട ഭരണ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

*************************************************************

**ഡി ഗുകേഷ് - ചെസ്**

ലോക ചെസ്സ് ചാമ്പ്യനും, ഇന്ത്യയുടെ അഭിമാനതാരവുമായ ഡി ഗുകേഷിന് അഭിനന്ദനവുമായി പാർലമെൻറ്. ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യനെന്ന നിലയിലെ ഗുകേഷിൻറെ വിജയം 2036- ഒളിമ്പിക്സിനുള്ള ഇന്ത്യയുടെ നിശ്ചയദാർഢ്യത്തിന് ശക്തി പകരുമെന്ന് രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻഖർ

പറഞ്ഞു. രാജ്യത്തെ യുവാക്കൾക്ക് ഗുകേഷിൻറെ നേട്ടം പ്രചോദനമാകുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അഭിപ്രായപ്പെട്ടു.

**************************************************************

**<u>പ്രധാനമന്ത്രി - മഹാകുംഭമേള</u>**

മഹാകുംഭമേളയോട് അനുബന്ധിച്ച് ഉത്തർപ്രദേശിൽ 5,500 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിച്ചു. 2025 ജനുവരി 13 മുതൽ ഫെബ്രുവരി 26 വരെയാണ് ലോക പ്രശസ്തമായ മഹാകുംഭമേള നടക്കുന്നത്. ഭരദ്വാജ് ആശ്രമം ഇടനാഴി ഉൾപ്പെടെ വിവിധ ക്ഷേത്ര ഇടനാഴികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

**************************************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്തിൻറെ തെക്കൻ ജില്ലകളിൽ അതി ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനം തിട്ട ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആറു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ബംഗാൾ ഉൾക്കടലിൽ മറ്റന്നാളോടെ വീണ്ടും ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

RNU TVPM

**************************************************************

**<u>മഴ - കൊല്ലം</u>**

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽ ഇടവിട്ട് ശക്തമായ മഴ തുടരുന്നു. അച്ചൻകോവിൽ, കഴുതുരുട്ടി ആറുകളിൽ ജലനിരപ്പ് ഉയർന്നു. അലിമുക്ക് - അച്ചൻകോവിൽ വനപാതയിൽ ഗതാഗതം തടസപ്പെട്ടു. നീരൊഴുക്ക് കൂടിയതോടെ പാലരുവി വെള്ളച്ചാട്ടത്തിലേക്ക് സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തി.

തമിഴ്നാട്ടിലുണ്ടായ ശക്തമായ മഴയിൽ ചെങ്കോട്ട ദേശീയപാതയിൽ വെള്ളം കയറി. ഗതാഗതം തടസപ്പെട്ടതോടെ വാഹനങ്ങൾ വഴിതിരിച്ചു വിട്ടു. കൊല്ലം - തെന്മല പരപ്പാർ അണക്കെട്ടിൻറെ വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ കല്ലടയാറിൻറെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജലനിരപ്പ് ക്രമീകരിക്കുന്നതിനായി നാളെ പകൽ പതിനൊന്ന് മണിയ്ക്ക് ശേഷം ആവശ്യമെങ്കിൽ ഷട്ടറുകൾ തുറക്കാൻ സാധ്യതയുള്ളതിനാലാണ് ജാഗ്രതാ നിർദ്ദേശം.

***********************************************************

**ശബരിമല- മഴ -(ഇൻട്രോ)**

ഇന്നലെയും ഇന്നുമായി ശബരിമലയിൽ പെയ്തിറങ്ങിയത് ഈ മണ്ഡലകാലത്തെ ഏറ്റവും കനത്ത മഴ. തീർഥാടകർ ജാഗ്രത പാലിക്കണമെന്നും കാനനപാതകളിൽ ഇതുവരെ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്നും ശബരിമല എ.ഡി.എം അറിയിച്ചു. സ്വാമി അയ്യപ്പൻ റോഡിൽ നേരിയ മണ്ണിടിച്ചിൽ ഉണ്ടായെങ്കിലും ഇത് തീർത്ഥാടനത്തെ ബാധിച്ചിട്ടില്ല. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ

(ഹോൾഡ്..........)

***********************************************************

**ധാം -മുന്നറിയിപ്പ്**

പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഇന്ന് വൈകുന്നേരം അഞ്ച് മണി മുതൽ ഉയർത്തിയ സാഹചര്യത്തിൽ സമീപവാസികൾ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു. പേപ്പാറ ഡാമിന്റെ നാല് ഷട്ടറുകൾ 10 cm വീതവും അരുവിക്കര ഡാമിന്റെ അഞ്ച് ഷട്ടറുകൾ 20 cm വീതവുമാണ് ഉയർത്തിയത്.

PIIU TVPM

**************************************************************

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************************************

**രാജ്യാന്തര ചലച്ചിത്രമേള**

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് തിരി **തെളിഞ്ഞു.** മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടന സമ്മേളനം പുരോഗമിക്കുകയാണ്. ചലച്ചിത്ര പ്രതിഭ ശബാന അസ്മി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നു. ഹോങ്കോങ്ങിൽ നിന്നുള്ള സംവിധായിക ആൻ ഹുയി മുഖ്യമന്ത്രിയിൽ നിന്നും ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ഉടൻ ഏറ്റുവാങ്ങും. ചടങ്ങിന് ശേഷം ഉദ്ഘാടന ചിത്രമായ ഐ ആം സ്റ്റിൽ ഹിയർ പ്രദർശിപ്പിക്കും. ഈ മാസം 20 വരെ മുഖ്യ വേദിയായ ടാഗോർ ഉൾപ്പെടെ 15 തിയേറ്ററുകളിലായി നടക്കുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.

RNU TVPM

**************************************************************

**ഐ.എഫ്.എഫ്.കെ- മാനവീയം ഇൻട്രോ**

ചലച്ചിത്ര മേളയുടെ ആസ്വാദകർക്ക് കലാപ്രകടനങ്ങളിലൂടെ ഊർജ്ജം പകരാൻ ഒരുങ്ങി മാനവീയം വീഥി. കലാപരിപാടികൾ നാളെ ആരംഭിക്കുന്നതോടെ ചലച്ചിത്രപ്രമികളുടെ പ്രിയപ്പെട്ട ഇടമായി മാനവീയം മാറും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(ഹോൾഡ്................)**

**************************************************************

**അല്ലു അർജുൻ**

സിനിമാ പ്രദർശനത്തിനിടെയുണ്ടായ തിക്കിലും തിരക്കിലും ഒരാൾ മരിച്ച സംഭവത്തിൽ, ഹൈദരാബാദ് പോലീസ് അറസ്റ്റ് ചെയ്ത നടൻ അല്ലു അർജുന് തെലങ്കാന ഹൈക്കോടതി നാലാഴ്ചത്തെ ഇടക്കാല ജാമ്യം അനുവദിച്ചു. കേസിൽ 14 ദിവസം റിമാൻഡ് ചെയ്ത കീഴ് ക്കോടതി ഉത്തരവിനെതിരെ നടൻ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ഈ മാസം 4 നാണ് ഹൈദരാബാദിലെ ഒരു തീയറ്ററിൽ അല്ലു അർജുൻറെ പുതിയ ചിത്രത്തിൻറെ ആദ്യ പ്രദർശനത്തിനിടെ അപകടമുണ്ടായത്.

************************************************************

**വാഹനാപകടം -അവലോകനയോഗം**

കല്ലടിക്കോട് വാഹനാപകടത്തിൻറെ പശ്ചാത്തലത്തിൽ പാലക്കാട് ജില്ലാ കളക്ടറേറ്റിൽ മന്ത്രി കെ കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ അവലോകനയോഗം നടന്നു. അപകടമുണ്ടായ സ്ഥലത്ത് ഇന്ന് വൈകുന്നേരം മുതൽ വാഹന പരിശോധന കർശനമാക്കാനും, വേഗതാ നിയന്ത്രണം ഏർപ്പെടുത്താനും യോഗം തീരുമാനിച്ചു. നാളെ ആർടിഒ , ജില്ലാ പോലീസ് മേധാവി എന്നിവർ സ്ഥലം സന്ദർശിച്ച് റോഡിന്റെ വളവ് നിവർത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കും. പ്രദേശവാസികളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കർമ പദ്ധതി തയ്യാറാക്കുമെന്നും മന്ത്രി അറിയിച്ചു. നാല് വിദ്യാർത്ഥികളുടെ മരണത്തിനിടയാക്കിയ അപകടത്തിൽ ലോറി ഡ്രൈവർക്കെതിരെ മനപൂർവ്വമായ നരഹത്യയ്ക്ക് കേസെടുത്തിട്ടുണ്ട്.

************************************************************

RNU TVPM

**മലപ്പുറം - അപകടം**

മലപ്പുറം പൊന്നാനിയിൽ പരീക്ഷ കഴിഞ്ഞ് നടന്നു പോവുകയായിരുന്ന വിദ്യാർഥികൾക്കിടയിലേക്ക് കാർ ഇടിച്ചു കയറി 5 പേർക്ക് പരുക്ക്. പൊന്നാനി എവി ഹൈസ്കൂളിന് സമീപത്താണ് അപകടം. കുട്ടികളെ ആശുപത്രിയിലേക്ക് മാറ്റി. രണ്ടുപേർക്ക് സാരമായ പരുക്കുണ്ട്. എടപ്പാൾ ഭാഗത്തേക്ക് പോകുന്ന കാർ വിദ്യാർഥികൾക്കിടയിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

************************************************************

**ജാമ്യം അനുവദിച്ചു**

തൊടുപുഴ ന്യൂമാൻ കോളജിലെ മുൻ പ്രൊഫസർ ടി ജെ ജോസഫിൻ്റെ കൈവെട്ടിയ കേസിലെ മൂന്നാം പ്രതി എം കെ നാസറിൻറെ ജീവപര്യന്തം ശിക്ഷ ഹൈക്കോടതി മരവിപ്പിച്ചു. പ്രതിക്ക് ഉപാധികളോടെ കോടതി ജാമ്യം അനുവദിച്ചു.

************************************************************

PNU TVPM

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ, പഞ്ചാബ് എഫ്.സി യെ നേരിടും. രാത്രി 7.30-ന് ജാർഖണ്ഡിലെ ജെ.ആർ.ഡി ടാറ്റ സ്പോർട്സ് കോംപ്ലക്സിലാണ് മത്സരം.

************************************************************

**ബാലാവകാശ കമ്മീഷൻ**

സംസ്ഥാനത്തെ ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ മുഴുവൻ കുട്ടികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താൻ ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു. സർക്കാരിൻറെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലോ സ്റ്റേറ്റ് സെക്യൂരിറ്റി മിഷൻറെ മിഠായി പദ്ധതിയിലോ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാനാണ് കമ്മീഷൻ ആരോഗ്യ - കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്.

************************************************************

## വയനാട് - സിപിഐ സമരം

വയനാട് ഉരുൾപൊട്ടൽ ബാധിതർക്ക് കേന്ദ്ര സഹായം വൈകിയെന്നാരോപിച്ച് സിപിഐ നാളെ പ്രതിഷേധ സമരം സംഘടിപ്പിക്കും. നാളെ വൈകുന്നേരം എല്ലാ ബ്രാഞ്ച് - ലോക്കൽ കേന്ദ്രങ്ങളിലും പന്തം കൊളുത്തി പ്രകടനം നടത്തുമെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. വയനാട് പുനരധിവാസത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് വീഴ്ച പറ്റിയെന്ന് ആരോപിച്ച് യൂത്ത് കോൺഗ്രസ് ഇന്ന് മേപ്പാടി മുതൽ കൽപ്പറ്റ വരെ പ്രതിഷേധ മാർച്ച് നടത്തി.

************************************************************

## പ്രധാന വാർത്തകൾ വീണ്ടും....

RIUTVM

**1). ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ചർച്ചകൾക്ക് വേദിയായി ലോക്സഭ. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ചർച്ചകൾക്ക് മറുപടി നൽകും.**

**2) ഭരണ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക ചെസ്സ് ചാമ്പ്യൻ ഡി ഗുകേഷിന് അഭിനന്ദനമർപ്പിച്ച് പാർലമെൻറ്.**

**3) സംസ്ഥാനത്തിൻറെ തെക്കൻ ജില്ലകളിൽ അതി ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനം തിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

4) 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് തിരി തെളിഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

5) പാലക്കാട് വാഹനാപകടത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷയ്ക്കായി പ്രത്യേക കർമ പദ്ധതി തയ്യാറാക്കാൻ മന്ത്രിതല യോഗത്തിൽ തീരുമാനം.

6) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ, പഞ്ചാബ് എഫ്.സി യെ നേരിടും.

പ്രാദേശിക വാർത്തകൾ കഴിഞ്ഞു..

അടുത്ത വാർത്താപ്രക്ഷേപണം രാത്രി 7.25 ന്..

RNU TVPM

*************************************************************

******************************************

******************